**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 235** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ കുത്തിവെപ്പ് കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പേർക്ക് ഇതിനകം കോവിഡ് വാക്സിനുകൾ നൽകിയെന്നും ഇവ ജനസംഖ്യാനുപാതികമായി എത്ര ശതമാനം വരുമെന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ; | (എ) | വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | മലപ്പുറം ജില്ലയിൽ കോവിഡ് പോസിറ്റിവിറ്റി നിരക്കുകൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിൽ കോവിഡ് പോസിറ്റിവിറ്റി നിരക്കുകൾ കുറയ്ക്കുന്നതിന് സർക്കാർ ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചു; കോവിഡ് പരിശോധനകളുടെ എണ്ണം വർദ്ധിപ്പിച്ചു (18/05/2021 മുതൽ 31/05/2021 വരെ ചെയ്ത പരിശോധനകളുടെ.എണ്ണം 2,58,062). ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒന്നിലധികം കോവിഡ് പരിശോധന കേന്ദ്രങ്ങൾ ആരംഭിച്ചു. കോവിഡ് പരിശോധന കിറ്റുകളുടെ തുടർച്ചയായ ലഭ്യത ഉറപ്പ് വരുത്തി. ഇതു വഴി, ചെറിയ ലക്ഷണങ്ങൾ ഉള്ളവരെപോലും പരിശോധിച്ചു നേരത്തെ രോഗം കണ്ടെത്തി, ഐസൊലേറ്റ് ചെയ്തത് വ്യാപനം കുറയ്ക്കുവാൻ സഹായകമായി. പരിശോധനക്കായി രണ്ട് പി.സി.ആർ ലാബിന് (1800 per day capacity) പുറമേ കെ.എം.എസ്സ്.സി.എൽ ന്റെ മൊബൈൽ പി.സി.ആർ ലാബ് തിരൂർ ജില്ലാ ആശുപത്രിയിൽ സ്ഥാപിച്ചു. കൂടാതെ 6 മൊബൈൽ പരിശോധന ടീമുകളെ വിന്യസിച്ചു. കൂടാതെ Vulnerable വിഭാഗങ്ങളിലായി ഗോത്രവർഗ്ഗവിഭാഗക്കാർ, അതിഥി തൊഴിലാളികൾ, മത്സ്യബന്ധന തൊഴിലാളികൾ എന്നിവരിൽ കോവിഡ് ക്ലസ്റ്ററുകൾ ഉണ്ടാവുന്നത് തടയാനായുള്ള നടപടികൾ സ്വീകരിച്ചു. കൂടുതൽ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കോവിഡ് പരിശോധനകൾ മൊബൈൽ പരിശോധന സംഘങ്ങളെ ഉപയോഗിച്ച് ചെയ്തുവരുന്നു. 19-ലധികം കോളനികളിലായി 1297 കോവിഡ് പരിശോധനകളും, അതിഥി തൊഴിലാളികൾക്കായി |

| | | | |
|---|---|---|---|
| | | | 657 ടെസ്റ്റുകളും, മത്സ്യബന്ധന തൊഴിലാളികൾക്കായി 3789 ടെസ്റ്റുകളും ചെയ്തിട്ടുണ്ട്. മേയ് രണ്ടാമത്തെ ആഴ്ച ജില്ലയിൽ ശരാശരി ടി.പി.ആർ 32ശതമാനമായിരുന്നത് ജൂൺ ആദ്യവാരം 12.9 ശതമാനമായി കുറയ്ക്കാനായി. കോവിഡ് പോസിറ്റീവ് ആയവരുടെ ഹൈ റിസ്ക് കോണ്ടാക്ടുകളെ 24 മണിക്കൂറിനുള്ളിൽ തന്നെ കണ്ടെത്താൻ, ഹെൽത്ത് ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രത്യേക കോണ്ടാക്ട് ട്രേസിംഗ് ടീമുകളെ രൂപീകരിച്ചു. ഇവർ നൽകുന്ന ലിസ്റ്റ് പ്രകാരം സമ്പർക്കം വന്നവരുടെ ക്വാറന്റൈനും പരിശോധനയും മുഖാന്തരം കൂടി ഉറപ്പ് വരുത്തിയത് വഴി, രോഗ പകർച്ചയുടെ തോത് കുറയ്ക്കാനായി. ലോക് ഡൗൺ ഉടങ്ങിയ നിയന്ത്രണങ്ങൾ ആളുകളുടെ സാമൂഹിക സമ്പർക്കങ്ങൾ കുറയ്ക്കാൻ സഹായിച്ചു. ഇത് വ്യാപന തോത് കുറച്ചു. ഒരു കുടുംബത്തിൽ തന്നെ ധാരാളം അംഗങ്ങൾ ഉള്ള കുടുംബങ്ങളിൽ, രോഗ പകർച്ച കുറയ്ക്കുന്നതിനായി മതിയായ സൗകര്യങ്ങളില്ലാത്ത വീടുകളിൽ നിന്നും പോസിറ്റീവ് ആയവരെ എത്രയും പെട്ടെന്ന് തന്നെ ഐസൊലേഷൻ കേന്ദ്രങ്ങളിലേയ്ക്ക് (DCC) മാറ്റാൻ സൗകര്യമൊരുക്കി. |
| (സി) | ജില്ലയിൽ കൂടുതൽ വാക്സിനുകളും കുത്തിവെപ്പ് കേന്ദ്രങ്ങളും അനുവദിക്കുമോ? | (സി) | ജില്ലകളിലെ ജനസംഖ്യ, വാക്സിന്റെ ഉപയോഗം, ജില്ലകളിലെ നിലവിലുള്ള വാക്സിൻ സ്റ്റോക്ക് എന്നിവയെ അടിസ്ഥാനമാക്കിയാണ് വാക്സിൻ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത്. കേന്ദ്രസർക്കാർ വാക്സിൻ കേരളത്തിലേയ്ക്ക് നൽകുന്നത് ജില്ലാ വാക്സിൻ സ്റ്റോർ, ആശുപത്രികൾ, പ്രാഥമികാരോഗ്യ-കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിലെ നിലവിലുള്ള വാക്സിൻ സ്റ്റോക്ക് കൂടി പരിഗണിച്ചിട്ടാണ്. മലപ്പുറം ജില്ലയിലേയ്ക്ക് ആദ്യഘട്ടങ്ങളിൽ ജനുവരി 2021 മാസത്തിൽ 53870 ഓളം വാക്സിൻ അനുവദിച്ച് കിട്ടിയിരുന്നെങ്കിലും അന്ന് 9403 എണ്ണം വാക്സിൻ (17 %) മാത്രമേ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. വാക്സിൻ സംബന്ധിച്ച തെറ്റിദ്ധാരണ വാക്സിനേഷന്റെ വേഗതയെ തുടക്കത്തിൽ ബാധിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ കൂടുതലായി ജനങ്ങൾ വാക്സിനേഷൻ എടുക്കുകയും ജില്ലയിൽ വാക്സിൻ ആനുപാതികമായി അനുവദിക്കുകയും ചെയ്യുന്നുണ്ട്. മലപ്പുറം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ കോവിഡ് വാക്സിനേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആവശ്യകത അനുസരിച്ചു ജില്ലകളിൽ പുതിയതായി വാക്സിനേഷൻ |

| | | | |
|---|---|---|---|
| | | | സെന്ററുകൾ ആരംഭിക്കുവാൻ ജില്ലാ ടാസ്ക് ഫോഴ്സിനു അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## വാക്സിനേഷൻ നൽകിയത് (03-06-2021)

വിവിധ ജില്ലകളിൽ കോവിഡ് വാക്സിനേഷൻ നൽകിയ കണക്ക് താഴെ നൽകിയിരിക്കുന്നു

| ജില്ല | 1 dose | Full vaccination | ആകെ | % First dose | % Full vaccination |
|---|---|---|---|---|---|
| തിരുവനന്തപുരം | 898583 | 276035 | 1174618 | 27.22 | 8.36 |
| കൊല്ലം | 593593 | 176173 | 769766 | 22.52 | 6.68 |
| പത്തനംതിട്ട | 438597 | 138415 | 577012 | 36.63 | 11.56 |
| ആലപ്പുഴ | 519552 | 144122 | 663674 | 24.42 | 6.77 |
| കോട്ടയം | 502000 | 128549 | 630549 | 25.42 | 6.51 |
| ഇടുക്കി | 273160 | 64195 | 337355 | 24.63 | 5.79 |
| എറണാകുളം | 857772 | 228925 | 1086697 | 26.13 | 6.97 |
| തൃശൂർ | 710415 | 170465 | 880880 | 22.76 | 5.46 |
| പാലക്കാട് | 495587 | 147926 | 643513 | 17.64 | 5.26 |
| മലപ്പുറം | 607757 | 136648 | 744405 | 14.78 | 3.32 |
| കോഴിക്കോട് | 663049 | 182651 | 845700 | 21.48 | 5.92 |
| വയനാട് | 264150 | 83097 | 347247 | 32.32 | 10.17 |
| കണ്ണൂർ | 563534 | 155851 | 719385 | 22.34 | 6.18 |
| കാസർഗോഡ് | 331784 | 85983 | 417767 | 25.38 | 6.58 |